കിട്ടിക്കഴിഞ്ഞിട്ട് എല്ലാ ഡിപ്പാർട്ടുമെൻറുകളിലും അയച്ച് ശേഖരിച്ച വിവരമാണ്. അതുകൊണ്ടു വരുന്ന കാലതാമസമാണ്. ഇത് നിർഭാഗ്യകരമായ ഒരു സ്ഥിതി വിശേഷമാണ്. മനഃപൂർവ്വം വരുത്തുന്നതല്ല. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം വസ്തുതകൾ എതെങ്കിലും മറച്ചു വയ്ക്കേണ്ട ആവശ്യമില്ല.

ശ്രീ. വി. ഈച്ചരൻ: പ്രമോഷനു സീനിയോറിറ്റി കണക്കാക്കുന്നത് പ്രൊബേഷൻ കഴിഞ്ഞശേഷമാണോ അതോ നിയമനതീയതി മുതൽക്കാണോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: നിയമനം കിട്ടുന്ന തീയതി മുതൽ കണക്കാക്കും. അല്ലാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്തതിനു ശേഷമുള്ളതല്ല.

ശ്രീ. വി. ഈച്ചരൻ: പ്രമോഷനു സീനിയോറിറ്റി കണക്കാക്കുന്നത് 'ഇനീഷ്യൽ റിക്രൂട്ടുമെൻറ്' ഡേറ്റ് മുതലാണോ അതോ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഡേറ്റു മുതലാണോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പ്രൊബേഷൻ ന്യായമായി ഡിക്ലയർ ചെയ്യണമെന്നേയുള്ളു. സീനിയോറിറ്റി കണക്കാക്കുന്നത് നിയമനം കിട്ടുന്നതു മുതലുള്ള സർവ്വീസ് മുഴുവൻ പരിഗണിച്ചാണ്.

ശ്രീ. എസ്. ത്യാഗരാജൻ: പട്ടികജാതി പട്ടിക വർഗ്ഗത്തിൽ നിന്ന് സ്പെഷ്യൽ റിക്രൂട്ടുമെൻറനുസരിച്ചു നിയമനം കിട്ടുന്ന ആളുകൾക്കു പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരിക്കുന്നത് മറ്റു ചില ആളുകളെ പ്രമോട്ടു ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി യാണെന്നുള്ളതു പരിഗണിച്ച് ഇത്തരം കേസുകളിൽ ഇന്നിപ്പോൾ ഈ സഭയിൽ പ്രകടിപ്പിച്ച വികാരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് പ്രൊബേഷൻ തടഞ്ഞിട്ടുണ്ടെങ്കിൽ അവർക്ക് പൂർവ്വകാല പ്രാബല്യത്തോടുകൂടി പ്രമോഷൻ നൽകാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പൂർവ്വ കാല പ്രാബല്യം പ്രായോഗികമല്ല. എന്നാൽ അർഹമായ സമയത്ത് പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള എല്ലാ നടപടികളും കുറുതലോടുകൂടി സ്വീകരിക്കാമെന്നേ ഇപ്പോൾ ഉറപ്പു പറയാൻ കഴിയുകയുള്ളു.

അഴിമതി നിരോധന വകുപ്പു രജിസ്റ്റർ ചെയ്ത കേസുകൾ

*425 [446] ഡോക്ടർ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978.79 വർഷത്തിൽ അഴിമതി നിരോധനവകുപ്പു രജിസ്റ്റർ ചെയ്ത എത്ര കേസുകൾ തെളിയിക്കപ്പെട്ടു;

(ബി) തെളിയിക്കപ്പെട്ട കേസുകളിൽ എന്തു നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): (എ) 1978-79-ൽ ഫെബ്രുവരി അവസാനം വരെ 59 ക്രൈം കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ നാലെണ്ണം തെളിയിക്കപ്പെട്ടു. ഈ കാലഘട്ടത്തിനു മുമ്പുള്ളതിൽ അന്വേഷണത്തിലിരുന്ന 161 ക്രൈം കേസുകളിൽ 42 എണ്ണം തെളിയിക്കപ്പെട്ടിട്ടുണ്ട്.

(ബി) വിശദമായ അന്വേഷണങ്ങൾക്കായി സ്പെഷ്യൽ ജഡ്ജിയേയോ ഡിസിപ്ലിനറി പ്രൊസീഡിംഗ്സിനുള്ള ട്രൈബ്യൂണലിനെയോ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്.

ഡോ. കെ. സി. ജോസഫ്: ഉദ്യോഗസ്ഥമണ്ഡലത്തിൽ അഴിമതി വളരെ വ്യാപകമായിരിക്കുന്നു എന്നുള്ള പൊതുവായ പരാതിയുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധനത്തിനുവേണ്ടി എന്തെങ്കിലും പ്രത്യേക സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോ? ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ ഇങ്ങനെയുള്ള സംവിധാനം ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഈ നടപടി അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്. കൂടുതലായ അന്വേഷണങ്ങൾ ഗവൺമെന്റിന്റെ അധികാരം ഉപയോഗിച്ച് നടത്തുന്നുണ്ട്.

ഡോ. കെ. സി. ജോസഫ്: ഇപ്പോഴുള്ള സംവിധാനത്തിനു പുറമേ എന്തു സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്നാണു ചോദിച്ചത്.

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇപ്പോഴുള്ള സംവിധാനം ധാരാളം മതിയെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം.

ശ്രീ. പി. സി. ജോസഫ്: ഇപ്പോഴുള്ള അഴിമതി നിരോധന അന്വേഷണ സംവിധാനം ഇഫക്റ്റീവ് അല്ലെന്നു ഗവൺമെന്റിനു അഭിപ്രായമുണ്ടോ? അങ്ങനെയുള്ള പൊതുജനാഭിപ്രായം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; കൂടുതൽ ഇഫക്റ്റീവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സംവിധാനത്തിനു കുഴപ്പമൊന്നുമില്ല. സംവിധാനം കുറേക്കൂടി ഇഫക്റ്റീവാക്കണമെന്നു മാത്രമേയുള്ളു.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മന്ത്രി 1978-79-ൽ 59 ക്രൈം കേസ്സുകളും രജിസ്റ്റർ ചെയ്തതിൽ 4 എണ്ണം തെളിയിക്കപ്പെട്ടു എന്നു പറഞ്ഞു. മുമ്പുള്ള കേസ്സുകളിൽ 42 എണ്ണവും തെളിയിച്ചിട്ടുണ്ടെന്നു പറഞ്ഞു. തെളിയിക്കപ്പെട്ട ശേഷം ശിക്ഷ വാങ്ങിച്ച ആളുകളെ തിരിച്ച് സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ശിക്ഷ കഴിഞ്ഞവരെ പ്രവേശിപ്പിച്ചിട്ടില്ല.

ശ്രീ. കെ. സി. വാമദേവൻ: തെളിയിക്കപ്പെടാത്ത കേസ്സുകളും, ആ കേസ്സുകളും നടത്തുന്ന ഉദ്യോഗസ്ഥൻമാരുടെ അലംഭാവവും കുറ്റവാളികളുമായി യോജിച്ചുകൊണ്ടുള്ള നടപടികളുമാണ് കാരണമെന്നു ഏതെങ്കിലും വിധിയുടെ ഓബ്സർവേഷൻ ഉണ്ടോ? എന്തു നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അഴിമതി നിരോധന വകുപ്പ് ഇന്നു ഇഫക്റ്റീവായി നടക്കുന്നില്ല. അതിന്റെ കാരണം സ്റ്റാഫിന്റെ കുറവാണെന്നു പറയാൻ നിവർത്തിയില്ല. കാരണം ഐ. ജി. യുടെ കീഴിൽത്തന്നെ അതിനുള്ള സംവിധാനമുണ്ട്. ആകെ 59 കേസ്സുകൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളു എന്നു പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ എന്തോ തകരാറുണ്ടെന്നു മനസ്സിലാക്കി നമ്മുടെ രാജ്യത്ത് അഴിമതിയുണ്ടെന്നാണ് വയ്പ് എന്ന നിലയിൽ കൂടെക്കൂടി ഇഫക്റ്റീവ് ആക്കാൻ ഇന്നുള്ള സ്റ്റാഫ് മതിയാകുമെന്നുള്ള നിലയിൽ എന്തു നടപടി ഗവൺമെൻറു സ്വീകരിച്ചു?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇന്നുള്ള സംവിധാനം കൊണ്ട് ശരിയായി അന്വേഷിക്കുവാൻ കഴിയുന്നില്ലെങ്കിൽ ഇപ്പോഴുള്ള സംവിധാനം തന്നെ കൂടുതൽ വിപുലമാക്കാൻ ശ്രമിക്കണം.

ശ്രീ. എം. വി. രാഘവൻ: 59 കേസ്സുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. സർവ്വത്ര അഴിമതിയായിരുന്ന കാലത്ത് ഈ അഴിമതി കേസുകൾ ഇത്ര കുറഞ്ഞത് എന്താണ്; അഴിമതിയെ സംബന്ധിച്ച് കേസെടുക്കാൻ എന്തു നടപടിയാണ് ഫലപ്രദമായി ഗവൺമെൻറു ഉദ്ദേശിക്കുന്നത്? മന്ത്രിമാരുടെ അഴിമതി വേറെയുണ്ട്. ഇതിന്റെ കാര്യത്തിൽ എന്തു നടപടിയാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതിന്റെ കാര്യത്തിൽ ചെയ്യാവുന്നതെല്ലാം ഗവൺമെൻറു ചെയ്യുന്നുണ്ട്. ഗവൺമെൻറിന്റെ ശ്രദ്ധയിൽപെടുന്നതെല്ലാം രജിസ്റ്റർ ചെയ്യുന്നുണ്ട്. 1978.79-ൽ അതു 59 എണ്ണമാണ്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: അഴിമതി നിരോധന നിയമം ഈ രാജ്യത്തു കൊണ്ടുവരുമെന്നു ഭരണകക്ഷികൾ പറഞ്ഞിരുന്നു. ഇതേവരെ ആ നിയമം കൊണ്ടുവന്നിട്ടില്ല. ആ നിയമംകൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ് : അതു സെലക്റ്റു കമ്മിറ്റിക്ക് പോയിരിക്കുകയാണ്, അഴിമതി നിരോധന ബിൽ.

ശ്രീ. ആര്യാടൻ മുഹമ്മദ്: 1978.79 കാലഘട്ടത്തിൽ അഴിമതി നിരോധന വകുപ്പിലെ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് എത്ര അഴിമതിയാരോപണങ്ങൾ ഉണ്ടായിട്ടുണ്ട്, എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതു പ്രത്യേകമായി നോക്കണം. എങ്കിൽ മാത്രമേ പറയാൻ കഴിയൂ.

ശ്രീ. ആർ. സുന്ദരേശൻ നായർ: അഴിമതി നിരോധന വകുപ്പിൽ ലാ സെക്ഷനിൽ കൊടുക്കുന്ന കേസ്സുകൾ വളരെയധികം താമസി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നുണ്ടെന്നും ലാ സെക്ഷനിൽ ആവശ്യത്തിനു ഉദ്യോഗസ്ഥൻ മാരില്ലെന്നും ഡിപ്പാർട്ടുമെൻറിൽനിന്നും ഗവൺമെൻറിലേക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻറെമേൽ എന്തു നടപടി എടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ലീഗൽ അഡൈവസേഴ്സിൻറെ എണ്ണം പ്രത്യേകസംവിധാനം അനുസരിച്ചുള്ളതാണ്. അതു പോരെന്നുണ്ടെങ്കിൽ പരിശോധിക്കാം. പക്ഷേ അവിടെ പ്രത്യേകമായി കൂടുതൽ കാലതാമസം വരുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അഴിമതി നിരോധന വകുപ്പിൽ നിന്നും ശുപാർശകൾ ഗവൺമെൻറിനു കിട്ടിയവ എത്രയെണ്ണം പരിഗണിക്കാതെ കിടക്കുന്നുണ്ട്, എത്ര കാലമായി ഉള്ളതാണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഡിപ്പാർട്ടുമെൻറിൽനിന്നും തീരുമാനം അറിയിക്കുന്ന കേസ്സുകളിൽ ഉടനടി നടപടി എടുക്കുന്നുണ്ട്.

ശ്രീ. ടി. എ. പരമൻ: ബഹുമാനപ്പെട്ട ടി. എസ്. ജോൺ നടപടി സ്വീകരിച്ചിട്ടുള്ള രജിസ്ട്രേഷൻ വകുപ്പും അതുപോലെ അഴിമതി നടമാടുന്നുണ്ടെന്നു പൊതുവേ അംഗീകരിച്ചിട്ടുള്ള സ്ഥലങ്ങളിലും പബ്ലിക്കിൻറെ പരാതി കിട്ടാതെ തന്നെ അഴിമതി നിരോധന വകുപ്പ് on its own initiative ആയി കേസ്സുകൾ രജിസ്റ്റർ ചെയ്യാൻ നടപടി സ്വീകരിക്കുന്നതിനു നിർദ്ദേശം കൊടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അഴിമതി അഴിമതി എന്നു പറഞ്ഞതു കൊണ്ടു കാര്യമില്ല. അഴിമതിക്കു തെളിവു ഗവൺമെൻറിനു കിട്ടിയാൽ മാത്രമേ രജിസ്റ്റർ ചെയ്യാൻ കഴിയൂ. പരാതിയുള്ളവർ പരാതി അയക്കണം. അങ്ങനെ കിട്ടുന്ന പരാതികൾ ഗവൺമെൻറു പരിഗണിക്കുന്നുണ്ട്.

ശ്രീ. കെ. പി. മുഹമ്മദ്ദീൻ: നാലു കേസ്സുകളാണു തെളിയിക്കപ്പെട്ടതെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇതു ഗുരുതരമായ ഒരു പ്രശ്നമാണ്. ആകെയുള്ള 59 കേസ്സുകളിൽ 4 കേസ്സുകൾ മാത്രം തെളിയിക്കപ്പെടുകയും ബാക്കിയുള്ള 55 കേസ്സുകളും തെളിയിക്കുവാൻ കഴിയാതെ വരികയും ചെയ്യുന്നത് ഏറ്റവും വലിയ അഴിമതിയാണെന്നു ഗവൺമെൻറ് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അങ്ങനെ എന്തുകൊണ്ട് തെളിയിക്കുവാൻ കഴിയുന്നില്ലെന്നുള്ളതിനെ സംബന്ധിച്ച് ഒരു പഠനം നടത്തി ആവശ്യമായ സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: തെളിയിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നല്ല ഞാൻ പറഞ്ഞത്. 59 കേസ്സുകളിൽ ഇതിനകം നാലെണ്ണമാണ് തെളിഞ്ഞത് എന്നാണ്. ബാക്കിയുള്ളതു അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. എൻ. ഭാസ്കരൻ നായർ: അഴിമതി നിരോധന വകുപ്പിനെ സഹായിക്കുവാൻ വേണ്ടി ഉദ്യോഗസ്ഥൻമാരെ കൂടാതെ പൊതുവായ വല്ല എഞ്ജിനീയർമാരുമുണ്ടോ; ഉണ്ടെങ്കിൽ അവർക്കു പ്രതിഫലം കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ അറിയപ്പെടുന്ന എഞ്ജിനീയർമാർ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. എസ് തോസ്: അഴിമതി നിരോധന വകുപ്പിൽ നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻമാർ ' പലവിധ ശുപാർശകൾ കൊണ്ടാണ് അവിടെ കയറിയതെന്നും ഏറ്റവും വലിയ അഴിമതി നടത്തിയാണ് ശുപാർശ വഴിയാണ് അവിടെ പ്രവേശിച്ചിട്ടുള്ളതെന്നും അവർ അഴിമതി നിരോധനവകുപ്പിലെ കേസ്സുകളെല്ലാംതന്നെ അവർ വന്ന വഴിക്കുള്ള സ്വാധീനം ഉപയോഗിച്ചുതന്നെ തടസ്സപ്പെടുത്തുന്നുണ്ടെന്നും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അനേകം പത്രങ്ങളിൽ ആ വാർത്തകൾ വന്നിട്ടുള്ളതാണ്, ആ വാർത്തകൾ ശ്രദ്ധിച്ചിട്ടുണ്ടോ; നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അഴിമതി നിരോധന ഉദ്യോഗസ്ഥൻമാരെപ്പറ്റി പ്രത്യേകമായ പരാതികളൊന്നും ലഭിച്ചിട്ടില്ല. അവർ ശുപാർശ മുഖേനയാണ് ജോലിയിൽ പ്രവേശിച്ചതെന്ന വിവരവും ഗവൺമെന്റിനു് ഇല്ല. പ്രത്യേകം അങ്ങനെ പരാതി ഉന്നയിക്കുവാൻ ബഹുമാനപ്പെട്ട മെമ്പർ തയ്യാറായാൽ ആ പരാതിയെപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കേസ്സുകൾ തെളിയിക്കുവാൻ കഴിയാത്തതിന്റെ പ്രധാനപ്പെട്ട കാരണം കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും കുറ്റകരമാണെന്നുള്ളതുകൊണ്ടാണ്. അതുകൊണ്ട് കൈക്കൂലി വാങ്ങിക്കുന്നതുമാത്രം കുറ്റകരമാണെന്നു നിയമത്തിൽ ഭേദഗതി ചെയ്താൽ കേസ്സുകൾ തെളിയിക്കുവാൻ കഴിയുമെന്ന വസ്തുത പരിഗണിച്ച് ആവശ്യമായ ഭേദഗതി വരുത്താൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കൈക്കൂലി കൊടുക്കാതെ വാങ്ങിക്കുവാൻ കഴിയാത്തതുകൊണ്ട് കൊടുക്കുന്നതും വാങ്ങിക്കുന്നതും ഒരുപോലെ മാത്രമേ പരിഗണിക്കുവാൻ കഴിയൂ.

ശ്രീ. പിണറായി വിജയൻ: 1978-79-ൽ കണ്ടുപിടിച്ച കേസ്സുകളിൽ അഴിമതി ഉദ്യോഗസ്ഥരെക്കുറിച്ച ആർ. ടി. എ. യിൽപ്പെട്ട എത്ര കേസ്സുകളുണ്ട്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഓരോ ഡിപ്പാർട്ടുമെന്റിലേയും പ്രത്യേക വിവരം കൈവശമില്ല. പ്രത്യേകം ചോദിച്ചാൽ പറയാം.

ശ്രീ. ഒ. ലൂക്കോസ്: രജിസ്ട്രേഷൻ വകുപ്പിലെ ഉന്നതൻമാരായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ അഴിമതിയാരോപണത്തിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ നടപടി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ മറ്റു വകുപ്പുകളിലും ഇങ്ങനെയുള്ള നടപടികൾ നടത്താൻവേണ്ട നിർദ്ദേശം നൽകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മറ്റുള്ള ഡിപ്പാർട്ടുമെന്റുകളിലെ മേലുദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി നടത്തണമെങ്കിൽ അതിനുള്ള പരാതികൾ കിട്ടണം. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ പരാതി കിട്ടി, അന്വേഷണം നടത്തി, നടപടി സ്വീകരിച്ചു. ശിക്ഷിക്കുവാൻവേണ്ടി മാത്രമായി നടപടി എടുക്കുവാൻ പറ്റുകയില്ല. പരാതികളുണ്ടെങ്കിൽ മാത്രമേ അന്വേഷിക്കുവാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ത്യാഗരാജൻ: എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ആരോപണമുണ്ടായാൽ അതു ചൂണ്ടിക്കാണിക്കുവാൻ പെയ്ഡ് ഏജൻറുമാരെ നിയമിച്ചിട്ടുണ്ട്. അതുപോലെ മറ്റു ഡിപ്പാർട്ടുമെൻറുകളിലും സാർവ്വത്രികമായി അഴിമതിയുണ്ടെന്നു പറയുന്ന രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറുപോലെയുള്ള ഡിപ്പാർട്ടുമെൻറുകളിലും പെയ്ഡ് ഏജൻറുമാരെ നിയമിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: വെളിയിലുള്ള ഏജൻറുമാരെ കൊണ്ടു കണ്ടുപിടിക്കണമെന്നു ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. അഴിമതിയെ സംബന്ധിച്ചു ബഹുജനങ്ങൾക്കു അഭിപ്രായമുണ്ടെങ്കിൽ തന്നേരടത്തോടുകൂടി പരാതിപ്പെടുകയും തെളിവുകൾ കൊടുക്കുകയും വേണം.

ശ്രീ. വി. ജെ. ജോസഫ്: അഴിമതി നിരോധന വകുപ്പിൽ അന്വേഷണം നടത്താൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പ്രഥമദൃഷ്ട്യാ തെറ്റു ചെയ്തിട്ടുണ്ടെന്നു മനസ്സിലാക്കിക്കൊണ്ട് ട്രാൻസ്ഫർ ചെയ്യണമെന്നു ഡിപ്പാർട്ടുമെൻറിനോട് ആവശ്യപ്പെടുകയും അവർ ട്രാൻസ്ഫർ ചെയ്തപ്പോൾ ഹൈക്കോടതി സ്റേ ചെയ്യുകയും ചെയ്തിട്ടുള്ളതിൻെറ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥനെ സസ്പെൻറു ചെയ്തു അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആ കേസ് പരിശോധിച്ചു പറയാൻ കഴിയൂ.

ശ്രീ. കെ. ജെ. ചാക്കോ: പൊതുജനങ്ങൾക്കു പരാതിയുണ്ടെങ്കിൽ മാത്രമേ അന്വേഷിക്കുകയുള്ളൂ എന്നുള്ളതു മാറ്റി സുവോമോട്ടോ ആയി അന്വേഷിക്കുവാനുള്ള നിർദ്ദേശം നൽകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഏതു രീതിയിലാണെങ്കിലും ഗവൺമെൻറിനു അഴിമതി നടന്നു എന്നു ബോദ്ധ്യമാകണം. പൊതുജനങ്ങളിൽനിന്നോ, മറ്റു ഏജൻസികളിൽനിന്നോ പരാതികൾ ലഭിക്കുമ്പോൾമാത്രമേ ബോദ്ധ്യപ്പെടുകയുള്ളൂ.

ശ്രീ. കെ. സി. വാമദേവൻ: ആരിൽ നിന്നെങ്കിലും പരാതി ഉണ്ടെങ്കിൽമാത്രമേ അന്വേഷിക്കുകയുള്ളൂ എന്നുള്ളതു മാറ്റി പൊതുജനങ്ങളുമായി ബന്ധപ്പെട്ട വകുപ്പുകളിൽ, താരതമ്യേന അഴിമതി നടക്കുന്നുണ്ടെന്നു സംശയമുള്ള വകുപ്പുകളിൽ കാര്യക്ഷമമായി രഹസ്യ പോലീസിൻെറ പ്രവർത്തനം സംഘടിപ്പിച്ച് അതുവഴി അഴിമതി കണ്ടുപിടിക്കുവാനുള്ള സംവിധാനം ഫലപ്രദമാക്കുവാൻ ശ്രമിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ ഉദ്യോഗസ്ഥൻമാരുടെ അഴിമതി കണ്ടുപിടിക്കുവാനുള്ള സംവിധാനം ഇപ്പോഴുണ്ട്. അത് അന്വേഷിച്ചുകൊണ്ടിരിക്കുന്നു. അതു പോരെന്നു ബഹുജനങ്ങൾക്കു അഭിപ്രായമുണ്ടെങ്കിൽ അറിയാവുന്ന ആളുകൾ പരാതിപ്പെടണമെന്നും തെളിവുകൾ കൊടുക്കണമെന്നുമുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly